"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-കൊച്ചി നഗരത്തിൽ പി & ടി കോളനി നിവാസികളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് ജി.സി .ഡി .എ യുടെ 70 സെൻറ് സ്ഥലത്ത് 2 ബ്ലോക്കുകളിലായി ഉള്ള ഭവനസമുച്ചയത്തിനായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച പുതുക്കിയ അടങ്കൽ തുക- പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയം ഭരണ(ഡി.ബി) വകുപ്പ്

G.O.(Rt) No.1610/2020/LSGD തീയതി,തിരുവനന്തപുരം, 07/09/2020

---

പരാമർശം:- 1 ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 20-03-2020 തീയതിയിലെ LM/EW/GCDA/18 നമ്പർ കത്ത്.

2 സ.ഉ(സാധാ) നം.1103/2020/ത.സ്വ.ഭ.വ തീയതി 11-06-2020.

3 ബഹു. തസ്വഭ വകുപ്പ് മന്ത്രി 18.6.2020-ന് നടത്തിയ വീഡിയോ

വീഡിയോ കോൺഫറൻസിന്റെ തീരുമാനങ്ങൾ.

4 വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയുടെ 30-06-2020 04-08-2020 തീയതികളിലെ 9947/ഇ1/17/ജി.സി.ഡി.എ നമ്പർ കത്ത്.

5 03.08.2020-ൽ കൂടിയ ലൈഫ് മിഷൻ ടെക്സ്നിക്കൽ കമ്മിറ്റിയുടെ യോഗതീരുമാനം.

**ഉത്തരവ്**

പരാമർശം (1) പ്രകാരം ലഭ്യമായ കൊച്ചി നഗരത്തിൽ പി & ടി കോളനി നിവാസികളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന്, ജി.സി.ഡി.എയുടെ 70 സെൻറ് സ്ഥലത്ത് 2 ബ്ലോക്കുകളിലായി ഉള്ള ഭവനസമുച്ചയത്തിന്റെ പുതുക്കിയ ഭരണാനുമതിക്കായി വിശാല കൊച്ചി വികസന അതോറിറ്റി സമർപ്പിച്ച പ്രപ്പോസലിൽ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ച ഡി.പി.ആറിന് പരാമർശം (2) പ്രകാരം തത്വത്തിൽ അംഗീകാരം നല്കുകയുണ്ടായി.

പ്രസ്തുത ഉത്തരവ് പ്രകാരം, ലൈഫ് മിഷൻ ഭവന പദ്ധതിയ്ക്ക് പ്രൊവിഷണൽ ഭരണാനുമതി ലഭിച്ചുവെങ്കിലും സാധ്യമായ വശങ്ങൾ പരിഗണിച്ച്, അടങ്കൽ പുന:പരിശോധിച്ച് തുക കറവ് വരുത്തുവാനും നിർദ്ദേശിച്ചിരുന്നു. ബഹു. തസ്വഭ വകുപ്പ് മന്ത്രി പരാമർശം (3) പ്രകാരം ചേർന്ന വീഡിയോ കോൺഫറൻസിന്റെ തീരുമാനപ്രകാരം റ്റി . ഡി . എൽ . സി . സി . മുഖാന്തിരം , ജി . സി . ഡി . എ നിർമ്മിക്കാനുദ്ദേശിക്കുന്ന ഫ്ലാറ്റ് സമുച്ചയത്തിന്റെ വെറ്റഡ് ഡിസൈൻ റിപ്പോർട്ട് ( ഐ . ഐ . റ്റി / സി . ഇ . റ്റി യുടെ അംഗീകാരം ഉൾപ്പെടെ) റ്റി . ഡി . എൽ . സി . സി ലഭ്യമാക്കേണ്ടതാണെന്നും പ്രസ്തുത അംഗീകാരം ലഭ്യമാക്കിയയുടനെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ലൈഫ് മിഷൻ, ടെക്നിക്കൽ സമിതിചേർന്ന് പരിശോധിച്ചശേഷം തീരുമാനം സർക്കാരിനെ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അടങ്കൽ പുന:പരിശോധിച്ച് സാധ്യമായ മാറ്റങ്ങൾ വരുത്തി അടങ്കൽ തുക 17,40,00,000/- രൂപയിൽ നിന്നും 15,77,21,950/- രൂപയിലേക്ക് കുറച്ചിട്ടുണ്ട് എന്നും ഇത് കൂടാതെ പരാമർശം (2) പ്രകാരം അറിയിച്ചിരുന്ന നിരീക്ഷണങ്ങൾ സംബന്ധിച്ച് തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നൽകിയിരുന്ന മറുപടികൾ തൃപ്തികരവും അംഗീകരിക്കാവുന്നതുമാണ് എന്നും സർക്കാർ ആവശ്യപ്പെട്ടിരുന്ന ഐ.ഐ.ടി യിൽ നിന്നുള്ള സ്ട്രക്ചറൽ ഡിസൈൻ വെറ്റിംഗ് സാക്ഷ്യപത്രം കൂടി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിട്ടുണ്ട് എന്നും, മണ്ണ് പരിശോധനാ റിപ്പോർട്ട്, എന്നിവയും ലഭ്യമാക്കിയിട്ടുണ്ടെന്നും ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിയ്ക്കണമെന്നും പരാമർശം (3) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു. 03.08.2020-ൽ കൂടിയ ലൈഫ് മിഷൻ ടെക്സ്നിക്കൽ കമ്മിറ്റി 14,61,69,100/-രൂപയുടെ സാങ്കേതികാനുമതി നൽകാൻ തീരുമാനിച്ചതായും പ്രസ്തുത സാഹചര്യത്തിൽ 14,61,69,100/-രൂപയുടെ ഭരണാനുമതി നൽകണമെന്നും പരാമർശം (4) പ്രകാരം വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയുണ്ടായി. കൊച്ചി നഗരത്തിൽ പി & ടി കോളനി നിവാസികളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിന് ജി . സി . ഡി . എ യുടെ 70 സെൻറ് സ്ഥലത്ത് 2 ബ്ലോക്കുകളിലായി ഉള്ള ഭവനസമുച്ചയത്തിനായി തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റിൽ 14,61,69,100/- രൂപയുടെ( പതിനാല് കോടി അറിപത്തിപുതുക്കിയ ഭരണാനുമതി ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു-

1.അടിസ്ഥാനം ഉൾപ്പെടെയുള്ള ഘടനാപരമായ രൂപകൽപ്പനയുടെ കൃത്യതയും സാമ്പത്തിക ഭദ്രതയും ലൈഫ് മിഷൻ ചീഫ് എഞ്ചിനീയറും സാങ്കേതിക അനുമതി നൽകുന്ന കമ്മിറ്റിയും (ടി.എസ് കമ്മിറ്റി) ഉറപ്പാക്കേണ്ടതാണ്.

2.നിർമ്മാണത്തിനായി ഉപയോഗിക്കാൻ നിർദ്ദേശിച്ചിരിക്കുന്ന ഘടനാപരമായ ഡ്രോയിംഗുകൾ ഐ.ഐ.ടി മദ്രാസ് പരിശോധിച്ച രൂപകൽപ്പനയെ അടിസ്ഥാനമാക്കിയുള്ളതാണെന്ന് ലൈഫ് മിഷൻ ചീഫ് എഞ്ചിനീയർ ഉറപ്പാക്കേണ്ടതാണ്.

3. ഇപ്രകാരം സ്ഥിരീകരിക്കുന്നതിനായി പൈൽസിൽ പ്രാരംഭ ലോഡ് പരിശോധന നടത്താനും അനുയോജ്യമെങ്കിൽ സാമ്പത്തികമായി ലാഭകരമായ രീതിയിൽ ലോഡ് ചുമക്കുന്ന ശേഷിയെ ആശ്രയിച്ച് പൈൽസ് രൂപകൽപ്പന പരിഷ്കരിക്കേണ്ടതാണ്.

4.വ്യവസ്ഥകളുടെയും നിരക്കുകളുടെയും കൃത്യത സാങ്കേതിക അനുമതി നൽകുന്ന കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

5.മേൽ നിർദ്ദേശിച്ച കെട്ടിടം കെ.എം.ബി.ആർ ചട്ടങ്ങൾക്കും നിയന്ത്രണങ്ങൾക്കും അനുസൃതമാണെന്ന് ജി.സി.ഡി.എ.യും ലൈഫ് മിഷനും ഉറപ്പാക്കേണ്ടതാണ്.

6.ടി കെട്ടിടങ്ങളുടെ ഘടനയുടെ ആനുകാലിക പരിപാലനം ജിസിഡിഎ ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SARADA MURALEEDHARAN IAS
PRINCIPAL SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ

ചീഫ് എഞ്ചിനീയർ,ലൈഫ് മിഷൻ.

സെക്രട്ടറി, തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി .

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി .

ഡയറക്ടർ, ഐ.കെ.എം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/ഏ&ഇ), കേരള.

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by
REENAMMA P A
Date: 2020.09.0[illegible] 13:33:49 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ്:

ധനകാര്യവകുപ്പ്(E.No1075255/DEV-3/12/19-FIN) പ്രകാരം).